**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1542** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കോളേജുകളിലെ സമയ ക്രമീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്വയം പര്യാപ്തത ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും കോളേജ് പഠനം നടത്തുന്നതോടൊപ്പം ജോലി ചെയ്യുന്നതിനു വേണ്ടി വിദേശരാജ്യങ്ങളിലേത് പോലെ വ്യാപകമായി ഈവനിംഗ് ക്ലാസുകളും/ ഹോളിഡേ ബാച്ചുകളും ആരംഭിക്കുവാനുള്ള സാധ്യതകൾ പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിനും പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള അവസരമൊരുക്കുന്നതിനും സർക്കാർ ഉയർന്ന മുൻഗണന നൽകിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പ് വഴി കലാലയങ്ങളിൽ വിദ്യാർത്ഥികളിൽ നൈപുണ്യ വികസനവും സമ്പാദ്യശീലവും വളർത്തുന്നതിനായി 'Earn While You Learn' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ ക്യാമ്പസിനകത്തുള്ള ജോലികൾ കണ്ടെത്തി വിദ്യാർത്ഥികൾക്ക് നിശ്ചിത വേതനം നൽകുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിന്റെ രണ്ടാം ഘട്ടമായി ക്യാമ്പസിന് പുറത്തുള്ള തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ, കുസാറ്റ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല എന്നിവ വഴിയും 'Earn While You Learn' പദ്ധതികൾ നിലവിൽ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനാഗ്രഹിക്കുന്നവർക്കായി ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിപുലമായ പഠനക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തുടനീളം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 79 ലേണർ സപ്പോർട്ട് സെന്ററുകൾ (LSC) വഴി നടത്തുന്ന 31 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിലായി ഒരു ലക്ഷത്തിലധികം പഠിതാക്കൾ നിലവിൽ ഇത്തരത്തിൽ പഠനം നടത്തിവരുന്നുണ്ട്. സാങ്കേതിക-പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലും പഠനത്തോടൊപ്പം ജോലി ചെയ്യുന്നതിനായി പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല, AICTE മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി തിരഞ്ഞെടുത്ത എൻജിനീയറിങ് കോളേജുകളിൽ പ്രവൃത്തിദിവസങ്ങളിലെ വൈകുന്നേരങ്ങളിലും ശനി, ഞായർ ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിലുമായി മൂന്ന് വർഷത്തെ ബി.ടെക്/എം.ടെക് 'Degree Programme for Working Professionals' നടത്തിവരുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലും, LBS സെന്ററിലും ഹോളിഡേ ബാച്ചുകളും ഈവനിംഗ് ക്ലാസുകളും നടന്നുവരുന്നുണ്ട്. മഹാത്മാഗാന്ധി സർവകലാശാല വിദൂര-ഓൺലൈൻ

വിദ്യാഭ്യാസ കേന്ദ്രം (CDOE), DASP എന്നിവ വഴി റഗുലർ പഠനത്തോടൊപ്പം ചെയ്യാവുന്ന ഡ്യുവൽ ഡിഗ്രി സംവിധാനവും, ഒട്ടനവധി ഹൈബ്രിഡ്/പാർട്ട് ടൈം തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ്/ ഡിപ്ലോമ കോഴ്സുകളും നടത്തി വരുന്നു. കലാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുടെ ലഭ്യതയും പരിഗണിച്ചുകൊണ്ട്, കൂടുതൽ സ്ഥാപനങ്ങളിൽ ഈവനിംഗ് ക്ലാസുകളും ഹോളിഡേ ബാച്ചുകളും ആരംഭിക്കുന്നതിനുള്ള പ്രായോഗിക സാധ്യതകൾ സർക്കാർ പരിശോധിച്ച് വരുന്നു.

**(ബി)** ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓൺലൈൻ സംവിധാനങ്ങളും വ്യാപകമായ സാഹചര്യങ്ങൾ പരിഗണിച്ച് അതു പ്രയോജനപ്പെടുത്തുന്ന രീതിയിൽ കോളേജ് ക്ലാസ് മുറികളിലെ അധ്യായന രീതികൾ വ്യാപകമായി പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡിജിറ്റൽ സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി കലാലയങ്ങളിലെ അധ്യയന രീതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സർക്കാർ വിപുലമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അധ്യാപകർക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് 'AI Guru' എന്ന പ്രത്യേക പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, കലാലയങ്ങളിൽ ഡിജിറ്റൽ പഠനരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി സർക്കാർ പദ്ധതി വിഹിതം ഉപയോഗിച്ച് ICT അധിഷ്ഠിത സ്മാർട്ട് ക്ലാസ് മുറികൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ (FYUGP) പ്രോഗ്രാമുകളിലും മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ്, മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (IoT), ക്ലൗഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിഷയങ്ങൾ ഇതിനകം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** സിലിക്കൻ വാലിയിലെ യൂണിവേഴ്സിറ്റികളെ മാതൃകയാക്കി പഠനസമയത്തു തന്നെ പരീക്ഷകളേക്കാൾ പ്രാധാന്യം സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനും അതിനാവശ്യമായ ഇന്റേൺഷിപ്പുകളും കമ്പനികളിൽ ഓൺ-ദി-ജോബ് ട്രെയിനിങ് ലഭ്യമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ സർവകലാശാലകളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസ രംഗത്ത് സംരംഭകത്വത്തിനും പ്രായോഗിക തൊഴിൽ പരിശീലനത്തിനും മുൻഗണന നൽകുന്നതിനായി സമഗ്രമായ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. നാല് വർഷ ബിരുദ (FYUGP) കരിക്കുലത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പുകൾ, അപ്രന്റീസ്ഷിപ്പ്, ഓൺ-ദി-ജോബ് ട്രയിനിംഗ് എന്നിവ നിർബന്ധ ഘടകമാക്കിയിട്ടുണ്ട്. കൂടാതെ കോളേജുകളിൽ ഇന്നൊവേഷൻ ആൻഡ് എന്റർപ്രൊണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളും (IEDC) എന്റർപ്രണർഷിപ്പ് ക്ലബ്ബുകളും സജീവമായി പ്രവർത്തിച്ചു വരുന്നു.

വിദ്യാർത്ഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർവ്വകലാശാലകൾ വിപുലമായ ഇൻക്യുബേഷൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുസാറ്റിൽ രണ്ട് വിപുലമായ ടി.ബി.ഐകൾ (CITTIC, RISE) വഴി 170-ലധികം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ഗ്രേസ് മാർക്കും അറ്റൻഡൻസും നൽകാൻ സർവ്വകലാശാല ഉത്തരവുണ്ട്. എം.ജി സർവ്വകലാശാലയിലെ MGUIF, BIICവഴിയും കണ്ണൂർ സർവ്വകലാശാലയിലെ KSUM ലീപ്പ് സെന്റർ വഴിയും വിദ്യാർത്ഥികൾക്ക് ഇൻക്യുബേഷനും സീഡ് ഫണ്ടിംഗും നൽകി വരുന്നു.

പരീക്ഷാഭാരം കുറച്ച് സംരംഭകത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരമൊരുക്കുന്നതിനായി സാങ്കേതിക സർവകലാശാല (KTU) ബി.ടെക് പാഠ്യപദ്ധതിയിൽ 'ചലഞ്ച് പരീക്ഷകൾ' (Challenge Exams - Credit by Examination Courses) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഉയർന്ന സെമസ്റ്ററുകളിലെ പരീക്ഷകൾ നേരത്തെ എഴുതിയെടുത്ത് അവസാന വർഷം സ്റ്റാർട്ടപ്പുകളിലും വ്യവസായ പരിശീലനങ്ങളിലും പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കുന്നു. ഇതിനുപുറമെ എൽ.ബി.എസ് (LBS), ഐ.എച്ച്.ആർ.ഡി (IHRD) എന്നിവയുടെ കീഴിലുള്ള കോളേജുകളിൽ കരിയർ ഗൈഡൻസ് യൂണിറ്റുകളും ഇന്നൊവേഷൻ കൗൺസിലുകളും വഴി വ്യവസായ ഇന്റേൺഷിപ്പുകളും പരിശീലനങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

**(ഡി)** വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്നതിന്റെ കാരണങ്ങളെ കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുമോ; വിശദമാക്കാമോ?

**മറുപടി:** കേരളത്തിലെ വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നതിന്റെ സാമൂഹിക, സാമ്പത്തിക, അക്കാദമിക കാരണങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതോടൊപ്പം, കേരളത്തിൽ തന്നെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസവും ഗവേഷണവും തൊഴിലവസരങ്ങളും ഒരുക്കുന്നതിനുള്ള സമഗ്രമായ നടപടികൾ സർക്കാർ മുൻകൈയെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) സ്ഥാപിക്കൽ, വിദേശ സർവകലാശാലകളുമായി സഹകരിച്ചുള്ള സംയുക്ത/ഇരട്ട ബിരുദ (Joint/Dual Degree) പദ്ധതികൾ, ആഗോള തൊഴിൽ വിപണിക്ക് അനുയോജ്യമായ നൂതന കോഴ്സുകൾ ആരംഭിക്കൽ എന്നിവ വഴി നമ്മുടെ സർവകലാശാലകളെ ആഗോള നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ ഊർജ്ജിതമായി പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**